"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം സ്വദേശി ശ്രീമതി മച്ചിങ്ങൽ ഫൗസിയ ക്ക് തണൽ ഭവന നിർമ്മാണ പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ പലിശ, പിഴപ്പലിശ എന്നിവ ഇളവ് ചെയ്ത് നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2359/2024/LSGD തീയതി,തിരുവനന്തപുരം, 04-12-2024

---

പരാമർശം:-

1. ശ്രീമതി ഫൗസിയ തിരൂരങ്ങാടി എം.എൽ.എ ശ്രീ. കെ.പി.എ.മജീദ് മുഖാന്തരം ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷ
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.06.2023 ലെ LSGD/PD/29684/2023-DPLC3 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീമതി ഫൗസിയ മച്ചിങ്ങൽ ന് പരപ്പനങ്ങാടി നഗരസഭ തണൽ ഭവന പദ്ധതി പ്രകാരം 2013-14 വർഷത്തിൽ 1,40,000/- രൂപ അനുവദിക്കുകയും, വീട് നിർമ്മാണം ആരംഭിക്കുകയും ചെയ്തിരുന്നു. പ്രളയ സാദ്ധ്യതയുള്ള സ്ഥലമായതിനാൽ ആയതു വിൽക്കുകയും വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥലം വാങ്ങി വീട് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. മൂന്ന് കുട്ടികൾ ഉൾപ്പെടുന്ന കുടുംബം സാമ്പത്തികമായി മോശം അവസ്ഥയിലായതിനാൽ പരപ്പനങ്ങാടി നഗരസഭയിൽ നിന്നും കൈപ്പറ്റിയ തുകയുടെ പലിശ ഒഴിവാക്കി നൽകണമെന്ന് പരാമർശം 1 പ്രകാരം ടിയാൾ അഭ്യർത്ഥിച്ചിരുന്നു.

അപേക്ഷകയുടെ കുടുംബത്തിന്റെ സാമ്പത്തിക പരാധീനത കണക്കിലെടുത്തും പരപ്പനങ്ങാടി നഗരസഭയിലുണ്ടായിരുന്നത് പ്രളയ സാദ്ധ്യതയുള്ള സ്ഥലമായതിനാലും ഭവന നിർമ്മാണത്തിന് മറ്റൊരു സ്ഥലം വാങ്ങി എന്നതിനാലും നഗരസഭാ കൗൺസിൽ തീരുമാനം പരിഗണിച്ചും ,ശ്രീമതി. ഫൗസിയക്ക് തണൽ ഭവന നിർമ്മാണ പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ പലിശ, പിഴപ്പലിശ എന്നിവ ഇളവ് ചെയ്ത് നൽകുന്നതിന് പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീമതി മച്ചിങ്ങൽ ഫൗസിയക്ക് തണൽ ഭവന നിർമ്മാണ പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ പലിശ, പിഴപ്പലിശ എന്നിവ ഇളവു ചെയ്ത് നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
സെക്രട്ടറി, പരപ്പനങ്ങാടി നഗരസഭ, മലപ്പുറം
ശ്രീമതി ഫൗസിയ മച്ചിങ്ങൽ, വടക്കേ ചോളക്കകത്ത് ഹൗസ്,
കൊടക്കാട് പോസ്റ്റ് -676319,അരിയല്ലൂർ,മലപ്പുറം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 04-12-2024 15:39:01
സെക്ഷൻ ഓഫീസർ